# സെന്റ്. ജോസഫ്സ്

# ഗേൾസ് ഹൈസ്കൂൾ

# ചങ്ങനാശ്ശേരി

## അക്കാദമിക മാസ്റ്റർ പദ്ധതി

## 2025-2026

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയം നേരിടുന്ന പരിമിതികൾ
- പൊതു ലക്ഷ്യങ്ങൾ
- 2024-25 അധ്യയന വർഷത്തെ സ്കൂൾ നേട്ടങ്ങൾ
- ഹ്രസ്വകാല പ്രവർത്തനങ്ങൾ
- മധ്യമ കാല പ്രവർത്തനങ്ങൾ
- ദീർഘകാല പ്രവർത്തനങ്ങൾ
- ഭൗതിക സൗകര്യങ്ങൾ
- കല-അക്കാദമികം-അടിസ്ഥാന ശേഷി വികാസം
- വിജയോത്സവ്
- മലയാള പഠനം
- ഇംഗ്ലീഷ് പഠനം
- ഹിന്ദി പഠനം
- ഗണിത പഠനം
- സാമൂഹ്യ ശാസ്ത്ര പഠനം
- കമ്പ്യൂട്ടർ വിദ്യാഭ്യാസം
- ആരോഗ്യം,പോഷകാഹാരം,ശുചിത്വം
- ശാസ്ത്രപഠനം
- വായന
- പഠനയാത്ര
- അസംബ്ലി
- ദിനാചരണങ്ങൾ
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- സംയോജിത വിദ്യാഭ്യാസം
- വിദ്യാലയ സൗഹൃദ സമിതി
- എസ് എം സി
- ക്ലാസ് പി ടി എ
- കോർണർ പി ടി എ
- പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ
- സ്കൂൾ വാർഷികം
- വികസന പദ്ധതി തയ്യാറാക്കൽ
- ക്യാമ്പസിനെ പാഠപുസ്തകമാക്കുക
- കലാ വിദ്യാഭ്യാസം
- കായിക വിദ്യാഭ്യാസം
- പ്രവർത്തിപരിചയം
- ഉപസംഹാരം

# ആമുഖം

മധ്യ തിരുവിതാംകൂറിലെ ആദ്യത്തെ ഇംഗ്ലീഷ് വനിതാ സ്കൂൾ എന്ന ഖ്യാതിയുടെ മകുടമണിഞ്ഞു നിൽക്കുന്ന ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഹൈസ്കൂൾ ഒന്നേകാൽ നൂറ്റാണ്ടോളമായി അഞ്ചുവിളക്കിന്റെ നാടായ ചങ്ങനാശേരിയിലും പ്രാന്തപ്രദേശങ്ങളിലും സാധാരണക്കാർക്ക് അക്ഷര വെളിച്ചമേകുന്ന വിദ്യാലയമുത്തശ്ശിയാണ്. 131 വർഷങ്ങൾക്കു മുൻപ് 1894 ഒക്ടോബർ 30 നാണ് പെൺകുട്ടികൾക്ക് മാത്രമായുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളായ സെന്റ് ജോസഫ് എലിമെന്ററി സ്കൂൾ സ്ഥാപിതമായത്. 1917 ൽ നാലാം ഫോറം ആരംഭിച്ചതോടുകൂടി സെന്റ് ജോസഫ് ലോവർ ഗ്രേഡ് ഇംഗ്ലീഷ് സ്കൂൾ ഒരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു.ആരംഭം മുതൽ വളർച്ചയുടെ പടവുകൾ കയറിവന്ന സെന്റ് ജോസഫ് 1977 മാർച്ചിൽ എസ്.എസ്.എൽ.സിക്ക് രണ്ടാം റാങ്ക് നേടിയെടുത്തു. 1982 ൽ അഞ്ചാം റാങ്കും 1990 ലും 1993 ലും പത്താം റാങ്ക് നേടുകയും ഉണ്ടായി. 1994 -ൽ സെന്റ് ജോസഫ് അതിന്റെ ശതാബ്ദി ആഘോഷിച്ചു. 1995- 98 കാലഘട്ടത്തിൽ സെന്റ് ജോസഫ് സാരഥിയായിരുന്ന റവ.സി. ലിസ്യു അധ്യാപകർക്കുള്ള സംസ്ഥാന അവാർഡിന് അർഹയായി. 2003 റവ.സി.റെനി സെന്റ് ജോസഫിന്റെ സാരഥ്യം ഏറ്റെടുത്തു. 2003 തുടങ്ങിയുള്ള 7 സംവത്സരങ്ങൾ സെന്റ്. ജോസഫിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും കലാകായിക സാഹിത്യ പഠന രംഗങ്ങളിലും സ്കൂൾ മികവ് പുലർത്തി. ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മികച്ച സ്കൂൾ അവാർഡ് നിരവധി തവണ ലഭിക്കുകയുണ്ടായി. മാനേജ്മെന്റിന്റെ മികച്ച അധ്യാപികക്കുള്ള അവാർഡ് നേടിയ സി.റെനി 2010 ൽ വിരമിച്ചതിനെ തുടർന്ന് ശ്രീമതി ആനിയമ്മ ജേക്കബ് പ്രഥമാധ്യാപികയായി ചാർജെടുത്തു. തുടർന്ന് 2016 മുതൽ റവ സി.ജെസ്സി തോമസ് ഹെഡ്മിസ്ട്രസ് ആയി. 2020 ൽ ശ്രീമതി സുനിമോൾ ജെയിംസ് പ്രഥമ അധ്യാപികയായി ചുമതലയെടുത്തു. തുടർന്നുവന്ന രണ്ടു വർഷങ്ങളിൽ കോവിഡ് പ്രതിസന്ധികളുടെ ഇടയിലും ഓൺലൈൻ സങ്കേതങ്ങളുടെ സഹായത്തോടു കൂടി കുട്ടികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് മുടക്കം വരാതെ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിച്ചു. ഈ കാലയളവിൽ ഡിജിറ്റൽ മാധ്യമങ്ങളുടെ ഉപയോഗം പഠനപ്രക്രിയയിൽ

കൂടുതൽ ഉൾപ്പെടുത്താൻ അധ്യാപകർക്ക് സാധിച്ചു. 2022 ജൂണിൽ റവ സി.ധന്യ തെരേസ് പ്രഥമ അധ്യാപികയായി സേവനം ആരംഭിച്ചു. അഞ്ചു മുതൽ 10 വരെ ക്ലാസുകളിൽ ആയി 1086 വിദ്യാർത്ഥികൾ ഇവിടെ അധ്യയനം നടത്തുന്നു. പ്രഥമാധ്യാപിക ഉൾപ്പെടെ 43 അധ്യാപകരും 5 അനധ്യാപകരും ഈ വിദ്യാലയത്തിൽ സേവനം ചെയ്യുന്നു.

## വിദ്യാലയം നേരിടുന്ന പരിമിതികൾ

1. UP തലത്തിൽ സ്മാർട്ട് ക്ലാസ് റൂമുകളുടെ അപര്യാപ്തത.
2. കലാവിദ്യാഭ്യാസത്തിനുള്ള വാദ്യോപകരണങ്ങളുടെ പരിമിതി.
3. ഭീമമായ വൈദ്യുതിചാർജ് പരിഹരിക്കുന്നതിനായി സോളാർ പാനലുകൾ സ്ഥാപിക്കൽ.
4. ജലക്ഷാമം പരിഹരിക്കുന്നതിനായി മഴവെള്ള സംഭരണി സ്ഥാപിക്കൽ.
5. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റിന്റെ അപര്യാപ്തത.
6. ലാംഗ്വേജ് ലാബിന്റെ അഭാവം.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാ-കായിക പ്രവർത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാനുള്ള അവസരങ്ങൾ നിർമ്മിച്ചു നൽകുക.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്,ഹിന്ദി ഭാഷാശേഷി കൈവരിക്കുവാൻ സഹായിക്കുക.
4. സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതികാവബോധം, ലിംഗസമത്വം, അനുരൂപണം, വിമർശനാവബോധം മുതലായവ വളർത്തുക.
5. വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും ആസ്വാദ്യകരമാക്കാൻ ആവശ്യമായ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി,ലൈബ്രറി, ICT, എന്നിവയെല്ലാം പരമാവധി പ്രയോജനപ്പെടുത്തുക.
6. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികൾക്ക് അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക

# 2024-25 അധ്യയന വർഷത്തെ സ്കൂൾ നേട്ടങ്ങൾ

എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം.ഫുൾ A+50,

9 A+ 8

യുഎസ്എസ് പരീക്ഷയിൽ 17 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി.2 കുട്ടികൾ gifted കാറ്റഗറിയിൽ ഉൾപ്പെടുന്നു

എൻ എം എം എസ് സ്കോളർഷിപ്പിന് 4 കുട്ടികൾ അർഹരായി.

50 കുട്ടികൾ എൻ സി സി 'A' സർട്ടിഫിക്കറ്റ് നേടി.

ഗൈഡിങ്ങിൽ ഈ വർഷം 10 കുട്ടികൾ രാജ്യപുരസ്കാർ അവാർഡിന് അർഹരായി

20 റെഡ് ക്രോസ് അംഗങ്ങൾ ജെ ആർ സി സി ലെവൽ പരീക്ഷ പാസായി.

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ സബ്ജില്ലാതല മത്സരത്തിൽ വിവിധ ഇനങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു

ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയമേളയിലും വിദ്യാരംഗം കലാസാഹിത്യവേദി,ഐ.റ്റി, കലാകായികമേള എന്നീ മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ വിജയം കരസ്ഥമാക്കി.

പ്രവൃത്തിപരിചയമേളയിലും കായികമേളയിലും സംസ്ഥാന തലത്തിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു

# ഹ്രസ്വകാല പ്രവർത്തനങ്ങൾ

1. വായന മെച്ചപ്പെടുത്തുവാനായി ദ ഹിന്ദു,മലയാളമനോരമ, ദീപിക തുടങ്ങിയ ദിനപത്രങ്ങൾ ക്ളാസ്സുകളിൽ നൽകുകയും പത്രവായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
2. ഭാഷാശേഷി വർധിപ്പിക്കുന്നതിനായി conversation, role plays മുതലായവ ഉപയോഗപ്പെടുത്തുക.
3. ഇംഗ്ളീഷ് സിനിമ, നാടകങ്ങൾ, കാർട്ടൂണുകൾ എന്നിവ പ്രദർശിപ്പിക്കുക.
4. അതതു ഭാഷകളിലുള്ള വിനിമയം ആ പീരിയഡുകളിൽ ഉറപ്പുവരുത്തുക.
5. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സഹപാഠികളിൽ നിന്ന് സഹായം ഉറപ്പുവരുത്തുക.
6. പത്രമാസികകൾ, ഓഡിയോ,വീഡിയോ വാർത്തകൾ ഇവയൊക്കെ കുട്ടികളുടെ ഇടയിൽ പ്രചരിപ്പിക്കുക( ഓഫ്ലൈൻ - ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗിച്ച്)
7. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ അസംബ്ലി സംഘടിപ്പിക്കുക.
8. സയൻസ്,സോഷ്യൽ സയൻസ്, മാത്സ് പഠനം ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് കൂടുതൽ രസകരവും വിദ്യാർത്ഥി സൗഹാർദ്ദപരവുമാക്കുക.
9. വിഷയങ്ങളുമായി ബന്ധപ്പെട്ട Collage, Catalogue, Still models, Working models, Charts, Wall magazine ഇവയുടെയൊക്കെ നിർമ്മാണം വഴി പാഠഭാഗങ്ങൾ അടുത്തറിയാനും മനസ്സിലാക്കാനും എല്ലാത്തരം കുട്ടികളെയും സഹായിക്കുക.
10. കുട്ടികൾക്ക് ചെയ്യാവുന്ന ലഘുപരീക്ഷണങ്ങൾക്ക് അവരെ പ്രോത്സാഹിപ്പിക്കുക.
11. ICT സങ്കേതങ്ങൾ പഠനപ്രക്രിയയിൽ കൂടുതലായി ഉൾപ്പെടുത്തുക.
12. ഇംഗ്ളീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകൾ വായിക്കാനും സംസാരിക്കാനുമുള്ള പ്രവർത്തനങ്ങൾ നടത്തുക.
13. സമഗ്ര, സോഫ്റ്റ് വയർ അധ്യാപകർ പഠന പിന്തുണയ്ക്ക് കൂടുതൽ പ്രയോജനപ്പെടുത്തുക.
14. പൗരപ്രമുഖരെ സ്കൂളിലേക്ക് വിളിച്ച് സംവാദങ്ങൾ സംഘടിപ്പിക്കുക.
15. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ് ക്ളാസ്സുകൾ സംഘടിപ്പിക്കുക.
16. പുസ്തകമേളകൾ സംഘടിപ്പിക്കുക.
17. ചങ്ങാതിക്കൊരു മരം പദ്ധതി നടപ്പിലാക്കുക.

# മധ്യമകാല പ്രവർത്തനങ്ങൾ

1. വായന മെച്ചപ്പെടുത്തുന്നതിനായി ലൈബ്രറിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. ആഴ്ചയിൽ ഒരു പുസ്തകം എങ്കിലും ഒരു കുട്ടി വായിക്കാനായി നിഷ്കർഷിക്കുക.
2. ക്ലാസുകളിൽ വായന മൂല സജ്ജമാക്കുക.
3. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് കൂടുതൽ ആസ്വാദ്യകരമായ വായന കാർഡ്, ചിത്രകഥകൾ മുതലായവ ലഭ്യമാക്കുക.
4. സ്വന്തമായി നിഘണ്ടു തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
5. കുട്ടികളുടെ സർഗ്ഗ രചനാ ശേഷി വളർത്തുവാനും പ്രകടിപ്പിക്കുവാനും കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക.
6. Bio diversity Park, പച്ചക്കറിത്തോട്ടം, പൂന്തോട്ടം മുതലായവ നിർമിച്ച് പരിപാലിക്കുക.
7. വേസ്റ്റ് രഹിത ക്യാമ്പസ് എന്ന ആശയം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുത്ത് അതിന് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
8. Talent Lab പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
9. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക.

## ദീർഘകാല പ്രവർത്തനങ്ങൾ

1. English Language പഠനത്തിനായി language lab സ്ഥാപിക്കൽ.
2. English Theatre സ്ഥാപിക്കൽ.
3. Science Lab മെച്ചപ്പെടുത്തൽ.
4. ഭീമമായ വൈദ്യുതിചാർജ് പരിഹരിക്കുന്നതിനായി സോളാർ പാനലുകൾ സ്ഥാപിക്കൽ.
5. Digital പഠനസാധ്യത കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനായി സമ്പൂർണ്ണമായി smart ക്ലാസുകൾ സജ്ജമാക്കുക.
6. മയക്കുമരുന്ന് , ലഹരിക്കെതിരായ പ്രവർത്തനങ്ങൾ.
7. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ.
8. സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ.
9. പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യം.
10. ഹരിതവിദ്യാലയം പദ്ധതി.
11. ആരോഗ്യം,വ്യായാമം,കായികക്ഷമത തുടങ്ങിയവയുടെ പ്രാധാന്യം.
12. പൊതുമുതൽ സംരക്ഷണം, നിയമാവബോധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ

## മേഖല- ഭൗതികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| വിദ്യാലയത്തന്റെ ഭൗതിക സൗകര്യം ശിശു സൗഹൃദപരമാക്കുക<br><br>ആകർഷകവും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ പഠനാന്തരീക്ഷം ഉറപ്പാക്കുക | സ്കൂൾ ലൈബ്രറി നവീകരണം<br>ഇംഗ്ലീഷ് ലാംഗ്വേ ജ് പഠനത്തിനായി ലാംഗ്വേ ജ് ലാബ് സ്ഥാപിക്കൽ<br>ടോയ്ലറ്റ് നിർമ്മാണം.<br>പൂന്തോട്ടം ഔഷധത്തോട്ടം ശലഭോദ്യാനം ഇവ മെച്ചപ്പെടുത്തുക.<br>ഇംഗ്ലീഷ് തിയേറ്റർ സ്ഥാപിക്കൽ.<br>സയൻസ് ലാബ് മെച്ചപ്പെടുത്തൽ.<br><br>up ക്ലാസ് റൂമു കൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കുക.<br><br>എല്ലാം ക്ലാസ് മുറികളും ടൈൽസ് പാകി മനോഹരമാക്കുക.<br>കളിസ്ഥലം, സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കൽ<br>ഭിന്ന നിലവാരക്കാരുടെ പഠനപ്രവർത്തനങ്ങൾക്കും ശാരീരികവും മാനസികവുമായ വികാസത്തിന് ആവശ്യമായ റിസോഴ്സ് റൂം സജ്ജമാക്കുക<br>പാഠ്യപദ്ധതി നിർദ്ദേശിച്ച കലാ കായിക പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുക | June-March | |

## കല - അക്കാദമികം - അടിസ്ഥാന ശേഷി വികാസം

**ലക്ഷ്യങ്ങൾ -**

പൊതു വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

പ്രവർത്തനങ്ങൾ

1. ഭാഷ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ചിത്രകഥകൾ വായിപ്പിക്കുക.
2. ഓരോ ക്ലാസ്സിലും ഓരോ പത്രം വീതം വിതരണം ചെയ്യുക.

   Sponsor- നെ കണ്ടെത്തണം, കുട്ടികളെകൊണ്ട് വായിപ്പിക്കൽ, വായനക്കുറിപ്പ് തയ്യാറാക്കൽ
3. School Assembly വിഷയടിസ്ഥാനത്തിൽ സംഘടിപ്പിക്കൽ.
4. കുട്ടികളുടെ മാനസിക ഉല്ലാസത്തിനു വേണ്ട പദ്ധതികൾ രൂപീകരിക്കുക
5. ഗണിത വിഷയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി ഗണിതവിജയം പദ്ധതി.
6. പ്രകൃതി നിരീക്ഷണം, ശാസ്ത്രാഭിമുഖ്യം എന്നിവ പരിപോഷിപ്പിക്കുന്നതിന് Project, Field Trip എന്നിവ സംഘടിപ്പിക്കൽ
7. സ്ഥലങ്ങളും രാജ്യങ്ങളും പരിചയപെടുത്തുന്നതിനു Atlas നിർമ്മിക്കൽ. എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി പഠനയാത്രകൾ സംഘടിപ്പിക്ക

**വിജയോത്സവ്**

S.S.L.C പരീക്ഷയിൽ എല്ലാ വിദ്യാർത്ഥികളും പാസ്സാകുക (100% വിജയം) കൂടുതൽ A+ നേടുക എന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

1. പത്താം ക്ലാസുകാരുടെ രക്ഷകർത്തൃയോഗം ചേരുക ബോധവത്കരണം നൽകുക, ചർച്ചകൾ നടത്തുക.

2. Below Average കാരെ 5 കുട്ടികളുള്ള ഗ്രൂപ്പാക്കുക. Basic ആയിട്ടുള്ള കാര്യങ്ങളും സ്ഥിരം ചോദിക്കുന്ന ചോദ്യങ്ങളും ആവർത്തിച്ചു മനഃപാഠം ആക്കി പഠിപ്പിക്കുക.
3. ഒരു ടീച്ചറിന് 5 കുട്ടികളെ വീതം കൊടുത്ത് കൂടുതൽ ശ്രദ്ധിക്കാനായി ഏൽപ്പിക്കുക
4. Mathematics -ൽ നിർമ്മിതികൾ, സൂത്രവാക്യങ്ങൾ, സ്ഥിരം ചോദ്യങ്ങൾ tip- കളിലൂടെ പഠിപ്പിക്കുക.
5. Peer group - study ൽ അദ്ധ്യാപകർ guidance കൊടുക്കുക.
6. December മാസത്തെ പരീക്ഷയുടെ അടിസ്ഥാനത്തിൽ Above average, Average, Below average എന്നീ ഗ്രൂപ്പായി തിരിക്കുക.
7. പ്രധാന ആശയങ്ങളുടെ Concept mapping നടത്തി ചാർട്ടിൽ പ്രദർശിപ്പിക്കുക.
8. ഒരദ്ധ്യാപകൻ ഒരു കുട്ടി എന്ന നിലയിൽ ദത്തെടുക്കുക.
9. Remedial teaching ൽ PTA യുടെ സഹായത്തോടെ കുട്ടികളുടെ സാന്നിധ്യം ഉറപ്പാക്കുക.
10. വിദ്യാഭ്യാസ വിദഗ്ധർ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്തോടെ കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക
11. മോഡൽ പരീക്ഷയ്ക്ക് മുൻപ് Pre-model test. നടത്തി paper value ചെയ്തു പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും പരിഹരിക്കുകയും ചെയ്യുക.
12. സൂത്രവാക്യങ്ങൾ എല്ലാ ദിവസവും ആവർത്തിച്ചു പഠിപ്പിക്കുക.
13.USS, NMMS പരീക്ഷകൾക്ക് വേണ്ടി കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക .

**മേഖല: അക്കാദമികം** **ഉപ മേഖല : മലയാളം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീ ടെസ്റ്റ്<br>2. അക്ഷരമുറപ്പിക്കൽ<br>3. അടയാളമുറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ | 2 മാസം | PTA അധ്യാപകർ, ട്രെയ്നർ | |

| | | | | |
|---|---|---|---|---|
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്<br><br>1,ക്ലാസ് വായനക്കൂട്ടം രൂപീകരണം<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. പത്രവായന<br>5. പുസ്തക ചർച്ച<br>6. വായന അനുഭവം<br>7. വായനകുറിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യ വേദി<br>9. ദിനാചരണം<br>10. വായനോത്സവം സംഘടിപ്പിക്കൽ<br>11 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12 ആനുകാലിക പ്രസിദ്ധികരണങ്ങളും വായനയും<br>13 ഇ വായന<br>14 ആസ്വാദ്യകരമായ വായന | 6 മാസം | | |
| 3. കുട്ടിയെ | 1. എഴുത്തുകൂട്ടം<br>2. ചുമർപത്രിക<br>3. വ്യക്തിഗത രചന | 6 മാസം | | |

| | | | | | |
|---|---|---|---|---|---|
| മികച്ച എഴുത്തുകാരനാക്കുക<br><br>**4.** സദസ്സിനെ അഭിമുഖീകരിക്ക ാൻ പ്രാപ്തനാക്കുക | 4. സംഘ രചന<br>5. ഭാഷ പ്രൊജക്റ്റ്<br>6. പുസ്തകചർച്ച<br><br>**1.**പ്രസംഗ പരിശീലന പരിപാടി<br>**2.** വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക | **6** മാസം | | | |

| AIM | ACTIVITIES | DURATION | DUTY | FINANCIAL SOURCE |
| --- | --- | --- | --- | --- |
| To conduct pre-test and analyse the level of students. | Language games | June (1st Week) | English Teachers | |
| To familiarise students with the vocabulary for everyday action. | 'A Word a Day'<br>'A Proverb A Week' | 10 Months (Starting from June) | English Club | English Teachers |
| To improve the Communication Skills among the students. | 'English Assembly', Thought for the day in the bulletin board, English speaking in the campus. | July | English Teachers | |
| To improve the LSRW Skills among the students. | Introducing the project E-Cube – Enjoy, Enhance and Enrich the language skills. | August - February | English Teachers | |
| To develop listening and reading skills.<br>To engage all children in all activities.<br>No child will be left behind | Language games,<br>Action songs, Newspaper reading, and listening English news. | September | | English Club |
| Systematic setting up of library by the English teachers according to their disciplines and there by creating a reader | Reading corner, Class library, Book review | September | English Teachers | |

| | | | | |
|---|---|---|---|---|
| friendly environment. | | | | |
| To learn English through Plays. | Skits and Plays based on the text book. | October | English Club | English Teachers |
| To enhance the language skills of students | “English Fest” | November | English Club | English Club |
| To create an awareness about the Indian authors among the students. | Preparation of digital album on Indian authors and characters | December | SRG | |
| To familiarise the students with the simple elements of literature. | Introducing the literary works, authors and characters. ‘Literary Quiz’ | January | English Club | English Club |
| To provide opportunity to the students for self expression in written form | Design a ‘Manuscript Magazine’ | February | English Teachers | Sponsorship |

**മേഖല: അക്കാദമികം** **ഉപ മേഖല : ഹിന്ദി**

| Aim | Activity | Duration | Duty | Financial Source |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ് , വാക്കുകൾ എഴുതിയ കാർഡ്<br>• Class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകളുടെ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം (പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | June to August | Hindi Teacher | BRC, DIET, Resource Teacher |
| വീട് ഒരു പരീക്ഷണശാല ( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ഈ പട്ടികയിലെ വാക്കുകൾ ഉൾപ്പെടുന്ന നിഘണ്ടു തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to October | Hindi Teacher | PTA,BRC Resource Teacher |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദി പത്രപാരായണം<br>• ഹിന്ദി കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | Hindi Teacher | BRC DIET PTA |

| | | | | |
|---|---|---|---|---|
| | • Language Lab ൽ ഹിന്ദി സംസാരിക്കുവാനും കേൾക്കുവാനും കൂടുതൽ അവസരങ്ങൾ<br>• ഹിന്ദി നാടകങ്ങളും സിനിമകളും വാർത്തയും കാണാനുള്ള അവസരം | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| ഹിന്ദി വായന യുപി തലത്തിലെ മുഴുവൻ കുട്ടികളും ഹിന്ദി വായിക്കാൻ സാധിക്കണം | ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും. വലിയ അക്ഷരങ്ങളോട് കൂടിയതും ചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥ ബുക്കുകൾ ,ചിത്രകഥകൾ ,ഹിന്ദി ബാല മാസികകൾ എന്നിവ ഉൾപ്പെടുത്തും.വായനക്കാർഡ് തയ്യാറാക്കൽ - ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികൾക്ക് പറ്റാവുന്നവ പച്ചക്കറികൾ പഴങ്ങൾ പക്ഷികൾ മൃഗങ്ങൾ വൃക്ഷങ്ങൾ നിറങ്ങൾ എന്നിവ ഇതിൽ ചേർക്കും.നേതാക്കന്മാർ ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ പേരുകൾ ശേഖരിച്ച് വായിക്കാൻ അവസരം ഒരുക്കും. ദേശീയ ഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ ,ദിവസത്തിൻറെ പേര് എന്നിവ സ്ഥിരമായി വായിക്കാൻ അവസരം ഒരുക്കും<br>ഹിന്ദി പഠനത്തിന് സഹായിക്കുന്നതിനായി വിവിധ ദൃശ്യ ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതികവിദ്യ ഉപയോഗിക്കും<br><br>പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും<br><br>ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി നടത്തും ഓരോ ആഴ്ചയിലെയും അസംബ്ലി ഓരോ ക്ലാസുകൾക്ക് നൽകും പ്രാർത്ഥന | വർഷം മുഴുവൻ | ഹിന്ദി ടീച്ചർ | |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് ഹിന്ദി തെറ്റില്ലാതെ എഴുതാൻ സഹായിക്കുക<br><br>ഹിന്ദി അസംബ്ലി<br><br>ഹിന്ദി മത്സരങ്ങൾ<br><br>ദിനാചരണങ്ങൾ<br><br>ഹിന്ദി ക്ലബ്ബ്<br><br>ജന്മദിനങ്ങൾ | പ്രതിജ്ഞ വാർത്താ വായന പ്രസംഗം പാട്ട് എന്നിവ ഹിന്ദി മാധ്യമത്തിൽ ആയിരിക്കും<br><br>ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും അറിയാവുന്ന കുട്ടികൾക്ക് മത്സരങ്ങൾ നടത്തും കവിതാരചന പ്രസംഗം കവിത പാരായണം എന്നിവ നടത്തും<br><br>ഹിന്ദി ദിനം ശിശുദിനം പോലുള്ള പ്രധാന ദിനങ്ങൾ ഹിന്ദി പോസ്റ്ററുകൾ നിർമ്മിച്ച പ്രദർശിപ്പിക്കും.<br><br>ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ നന്നായി നടത്തുന്നതിന് ഹിന്ദി ക്ലബ്ബ് രൂപീകരിക്കും.ഓരോ ക്ലാസിനും പ്രത്യേക ലീഡർ ഇവരിൽനിന്ന് സ്കൂൾതലത്തിൽ ലീഡർ സെക്രട്ടറി എന്നിങ്ങനെ ഒരു കമ്മിറ്റി രൂപീകരിക്കും.<br><br>ക്ലാസുകളിൽ കുട്ടികളുടെ ജന്മദിനങ്ങൾ ആഘോഷിക്കും.ആശംസഗീതം ഹിന്ദിയിൽ പാടും | ആഴ്ചയിൽ ഒന്ന്<br><br>എല്ലാ മാസവും ആഴ്ചയിൽ ഒന്ന്<br><br>ജൂലൈ ഓഗസ്റ്റ്<br><br>ജൂൺ മുതൽ | | |

**മേഖല: അക്കാദമികം** **ഉപ മേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന വിടവ് ഇല്ലാതാക്കുക | അടിസ്ഥാന ഗണിതക്രിയകൾ ഭിന്നസംഖ്യകളുടെ ഗണിതക്രിയകൾ എന്നിവ ചെയ്യാൻ കുട്ടികൾക്ക് പരിശീലനം നൽകുന്നു | | | |
| | ഗണിത ക്ലബ്ബിൻറെ രൂപീകരണം | | | |
| ഗണിതം ജീവിതബന്ധിയാക്കാൻ | വശങ്ങൾ തുല്യമായ ത്രികോണങ്ങൾ കോണുകൾ തുല്യമായ ത്രികോണങ്ങൾ ഇവയുടെ പ്രത്യേകതകൾ ബന്ധം ഇവ കണ്ടെത്തുക | | | |
| തുല്യ ത്രികോണങ്ങളുടെ വിവിധ പ്രത്യേകത കണ്ടെത്തുന്നതിന് | ഒരേ പരപ്പളവുള്ള വശങ്ങൾ വ്യത്യസ്തമായ ചതുരങ്ങളും ത്രികോണങ്ങളും നിർമ്മിക്കുന്നു | | | |
| രൂപങ്ങൾ വരച്ച് പരപ്പളവ് കണ്ടെത്തുക | സംഖ്യാ ശ്രേണി നിരീക്ഷിക്കൽ ബന്ധം കണ്ടെത്തൽ | June-March | ഗണിതാദ്ധ്യാപകർ | |
| | ഗണിത കളികൾ, പദപ്രശ്നങ്ങൾ, പ്രോജക്ട് ഇവ നൽകുന്നു. ഗണിതമേള സംഘടിപ്പിക്കുന്നു. സ്കൂൾതല പ്രശ്നോത്തരി മത്സരം. | | | |
| സുപരിചിതമായ ചില സംഖ്യാ ശ്രേണികൾ നിരീക്ഷിക്കാനും സംഖ്യാ ബന്ധങ്ങൾ കണ്ടെത്താനും | മൂലകളെല്ലാം ഒരു വൃത്തത്തിലും വശങ്ങളുടെ എണ്ണം ഇരട്ടസംഖ്യവുമായ ബഹുഭുജങ്ങളുടെ കോണുകൾ തമ്മിലുള്ള ബന്ധം കണ്ടെത്താൻ | | | |
| കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുക | രണ്ട് അളവുകളെ കുറിച്ചുള്ള രണ്ട് വിവരങ്ങൾ ഉപയോഗിച്ചും രണ്ട് അക്ഷരമുള്ള ഒരു ജോഡി സമവാക്യങ്ങൾ ഉപയോഗിച്ച് | | | |
| ഗവേഷണ | അളവുകൾ കണ്ടുപിടിക്കുന്ന | | | |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാകാൻ<br><br>പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടിക്ക് കഴിവ് നൽകുന്നതിന്<br><br>ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്താൻ<br><br>Term പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കൽ<br><br>സർഗാത്മക ചിന്ത വളർത്തുക. ഗണിതശാസ്ത്രത്തോട് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുക<br><br>ഗണിതത്തിന്റെ വിവിധ ശാഖകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുക. | പ്രവർത്തനങ്ങൾ നൽകുന്നു.<br><br>വിപരീതക് ക്രിയകളിലൂടെ നേരിട്ട് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളിൽ ആവശ്യം അനുസരിച്ച് ബീജഗണിതം ഉപയോഗിക്കുന്ന പ്രവർത്തനങ്ങൾ<br><br>കുട്ടികളുടെ നിലവാരം മനസ്സിലാക്കി കൂടുതൽ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് മിടുക്കരായ കുട്ടികളുടെ സഹായം നൽകുന്നു<br><br>ഗണിത ലാബ് ഗണിത ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ഗണിത നാടകവും ഗണിത കവിതയും ചെയ്യുക.സബ്ജില്ലാ ഗണിത മേളയ്ക്കുള്ള പരിശീലനം നൽകുന്നു. കുട്ടികളെ പരിശീലിപ്പിക്കുക.<br><br>ഗണിത ശാസ്ത്രജ്ഞരെ കുറിച്ച് ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. ഗണിത ദിനാചരണം<br><br>വൃത്തങ്ങൾ തൊടുവരകൾ ഈ പാഠഭാഗങ്ങളിലെ നിർമിതികൾ കൃത്യതയോടെ ചെയ്യാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ നൽകുന്നു രൂപങ്ങളുടെ നിർമ്മാണം<br><br>ലളിതവും രസകരവുമായ ഗണിത കളികൾ നിർമ്മിതികൾ മോഡൽസ് ഇവ കൂടുതൽ ചെയ്യിക്കുന്നു.<br><br>മുൻ വർഷങ്ങളിലെ ചോദ്യങ്ങൾ പരിചയപ്പെടുത്തി പല ആവർത്തി ചെയ്യിക്കുന്നു | | | |

| | | | | |
|---|---|---|---|---|
| കൃത്യതയോടും സൂക്ഷ്മതയോടും കൂടെ കാര്യങ്ങൾ കൈകാര്യം ചെയ്യാനും അതിൻറെ പ്രാധാന്യം മനസ്സിലാക്കാനും.<br><br>പഠന വൈകല്യവും ഗണിതത്തോട് താല്പര്യം ഉള്ള കുട്ടികളിൽ താൽപര്യം വളർത്തുക.<br><br>പരീക്ഷ ഒരുക്കം | | | | |

**മേഖല: അക്കാദമികം**

**ഉപ മേഖല : സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ പഠന വിടവ് ഇല്ലാതാക്കുക<br><br>സാമൂഹ്യ ശാസ്ത്ര പഠനം രസകരമാക്കൽ<br><br>സാമൂഹ്യ പ്രശ്നങ്ങളെ | പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്താനുള്ള പ്രവർത്തനങ്ങളായ ഭൂപട വായന ചോദ്യാവലി പൂർത്തീകരിക്കൽ എന്നിവ നൽകുന്നു<br><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് വായനയ്ക്കായി കുട്ടികൾക്ക് വിതരണം ചെയ്യുന്നു . | June-March | SRG - social science teacher | |

| | | | | |
|---|---|---|---|---|
| വിശകലനം ചെയ്യാനം നിലപാട് സ്വീകരിക്കാനം പ്രാപ്തരാക്കുന്നു | ക്ലാസ് മുറിയിൽ നോട്ടീസ് ബോർഡ് സ്ഥാപിച്ച് വാർത്തകൾ സമാഹരിച്ച് പ്രദർശിപ്പിക്കുന്നു<br>വാർത്തകൾ വിശകലനം ചെയ്യുന്നു | | | |
| പൗരബോധം വളർത്തുക | ജനസംഖ്യാ ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ രചന,കൊളാഷ് നിർമ്മാണം എന്നിവ നടത്തുന്നു, | | | |
| ദേശീയ ബോധം വളർത്തുക | ആഗസ്റ്റ് 15, ഹിരോഷിമ നാഗസാക്കി ദിനം എന്നിവയോട് അനുബന്ധിച്ച് ക്വിസ് മത്സരം, സഡാക്കോ കൊക്ക് നിർമ്മാണം എന്നിവ നടത്തുന്നു.<br>സ്വാതന്ത്രിയദിനത്തോടു ആനുബന്ധിച്ചു സ്വാതന്ത്രിയസമരപോരാള ികളുടെ വേഷത്തിൽ കുട്ടികൾ അണിനിരക്കുന്നു | | | |
| നാം അധിവസിക്കുന്ന ഭൂമിയെ പറ്റിയും മണ്ണിനെ പറ്റിയും ആശയ രൂപീകരണം നടത്തുന്നു | മനുഷ്യപ്രവർത്തനം മൂലം പരിസ്ഥിതിക്ക് ഉണ്ടാകുന്ന പ്രശ്നങ്ങളെ | | | |

| | | | | |
|---|---|---|---|---|
| ദേശീയ ബോധംവളർത്തുക | കുറിച്ച് സെമിനാർ സംഘടിപ്പിക്കുകയും ഭൂരൂപങ്ങളുടെ ചിത്രാൽബം തയ്യാറാക്കുകയും ചെയ്യുന്നു | | | |
| അറിവിൻറെ നിർമ്മാണത്തിനും പങ്കുവയ്ക്കലിനും അവസരം ഒരുക്കൽ ഐസിടി സാധ്യത | ഗാന്ധിജയന്തിയോട് അനുബന്ധിച്ച് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | | | |
| സാമൂഹ്യ പ്രശ്നങ്ങളെ വിശകലനം ചെയ്യാനും നിലപാട് സ്വീകരിക്കാനും പ്രാപ്തരാക്കുന്നു | പത്താം ക്ലാസിലെ പാഠഭാഗത്തെ അടിസ്ഥാനമാക്കി ഐസിടിയുടെ സഹായത്തോടെ അറ്റ്ലസ് നിർമ്മാണം | | | |
| സാമൂഹ്യശാസ്ത്ര വിഷയത്തിൽ കുട്ടികളിൽ താൽപര്യം വളർത്തുക | പ്രകൃതി വിഭാഗങ്ങളെ കൂടുതൽ അടുത്ത് അറിയുന്നതിനായി വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നു | | | |
| സാമൂഹ്യ പ്രശ്നങ്ങളെ വിശകലനം ചെയ്യാനും നിലപാട് | നഗരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി | | | |

| | | | | |
|---|---|---|---|---|
| സ്വീകരിക്കാനും പ്രാപ്തരാക്കുന്നു | സെമിനാർ സംഘടിപ്പിക്കുന്നു<br><br>പേ വിഷബാധയുമായി ബന്ധപ്പെട്ട വിവരങ്ങൾ കുട്ടികൾക്ക് പകർന്നു നൽകുക<br><br>ശരിയായ ഉപഭോക്തൃ ശീലങ്ങൾ ഉൾക്കൊള്ളിച്ച് ഉപഭോക്ത ബോധവൽക്കരണത്തിനായി ഒരു ചുമർ പത്രിക തയ്യാറാക്കുന്നു | | | |

**മേഖല - അക്കാദമികം** **ഉപമേഖല - കമ്പ്യൂട്ടർ വിദ്യാഭ്യാസം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഐ.ടി മേളയ്ക്കുള്ള പരിശീലനം നൽകുക.<br>എംഎൽഎയോ സന്നദ്ധരായ പൂർവവിദ്യാർത്ഥികളെയോ സ്ഥാപനങ്ങളെയോ സമീപിച്ച് കൂടുതൽ ലാപ്ടോപ്പ് ലഭ്യമാക്കൽ.<br><br>എല്ലാ അധ്യാപകർക്കും കമ്പ്യൂട്ടർ ഉപയോഗിക്കുവാനുള്ള കഴിവ് ആർജിക്കുന്നതിനുള്ള വിദ്യാലയാധിഷ്ഠിത പരിശീലനം നടപ്പിലാക്കൽ.<br><br>പ്രാദേശിക കണ്ടെത്തലും പ്രയോജനപ്പെടുത്തലും.<br><br>കുട്ടികൾക്ക് നിശ്ചിത സമയം ലഭിക്കത്തക്കവിധം പരിശീലന കലണ്ടർ തയ്യാറാക്കുക.<br><br>പഠന വിഷയവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ സാധ്യതകൾ ഓരോ ക്ലാസിലും ലിസ്റ്റ് ചെയ്യുക.<br><br>കമ്പ്യൂട്ടർ പരിശീലനത്തിനായി ബി. ആർ.സി. / ഡയറ്റ് തുടങ്ങിയ അക്കാദമിക സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം.<br><br>എല്ലാ ഹൈസ്കൂൾ കുട്ടികൾക്കും മാതാപിതാക്കൾക്കും റോബോട്ടിക് പരിശീലനം നൽകുക.<br>വിദ്യാലയത്തിൽ നിന്നുള്ള അറിയിപ്പുകൾ, ക്ലാസ് പത്രം,നോട്ടീസ്, റിപ്പോർട്ട് എന്നിവ വിദ്യാലയത്തിലെ അധ്യാപകരോ കുട്ടികളോ ടൈപ്പ് ചെയ്തവയായിരിക്കുമെന്ന് ഉറപ്പുവരുത്തുക.<br><br>ക്ലാസ് പിടിഎ മുമ്പാകെ കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തി കുട്ടികൾ | June<br><br>July<br><br>August<br><br>September<br><br>October<br><br>November<br><br>December<br><br>January<br><br>February<br><br>March | SITC<br><br>SITC<br><br>SITC<br><br>SITC | Sponsor Ship<br><br>IT Fund |

| | | | | |
|---|---|---|---|---|
| | വിഷയപഠനം നടത്തുന്നത് എങ്ങനെയാണെന്ന് പ്രദർശന ക്ലാസിലൂടെ ബോധ്യപ്പെടുത്തുക.<br><br>വിഷയ പഠനവുമായി ബന്ധിപ്പിച്ച് ഫോട്ടോ ഫോൾഡറുകൾ നിർമ്മിക്കൽ.<br><br>സന്നദ്ധതയുള്ള രക്ഷിതാക്കൾക്ക് പരിശീലനം നൽകുക.<br><br>വിഷയ പഠനവുമായി ബന്ധിപ്പിച്ച് വീഡിയോ / കവിത ഫോൾഡറുകൾ നിർമ്മിക്കൽ. | | | |

**മേഖല - അക്കാദമികം** **ഉപമേഖല - ആരോഗ്യം, പോഷകാഹാരം, ശുചിത്വം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യശീലങ്ങൾ പാലിക്കൽ പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ തന്റെ കടമയാണെന്നു മനസിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും പരിശീലിക്കാനുള്ള അവസരം ഒരുക്കൽ. | ആരോഗ്യ പരിശോധന നടത്തൽ കുട്ടികൾക്കും അമ്മമാർക്കും ആരോഗ്യ ശുചിത്വ ബോധവൽകണം, ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ എന്നിവ ക്ലാസ്സ് PTA യിൽ ചർച്ച ചെയ്യൽ. | June | | |
| | എസ്. എം. സി യിൽ ആരോഗ്യരംഗത്തെ വിദഗ്ധരെ ക്ഷണിക്കൽ | July | | |
| | ഉച്ചഭക്ഷണ മോണിറ്ററിങ് ഭക്ഷ്യമേള സംഘടിപ്പിക്കൽ. | August | | |
| എല്ലാ കുട്ടികൾക്കും ആരോഗ്യ സംരക്ഷണം പോഷകാഹാരം ശുചിത്വ അ ന്തരീക്ഷം എന്നിവ ഉറപ്പുവരുത്തൽ. | വീട്ടുവളപ്പിലെ കുട്ടികൃഷി പരിപാടി നടപ്പിലാക്കൽ , പരിസരം വൃത്തിയാക്കൽ. | September | | |
| | വിദ്യാലയകൃഷി, കുടുംബകൃഷി എന്നിവയ്ക്ക് പ്രവർത്തന ആവിഷ്കരിക്കൽ. | October | | |
| | ക്ലാസ് സ്കൂൾ വ്യക്തി ശുചിത്വ സൂചകങ്ങൾ വികസിപ്പിക്കൽ. | November | | |

| | | | | |
|---|---|---|---|---|
| | ഓരോ ആഴ്ചയിലും മാറിമാറി ശുചിത്വ മോണിറ്ററിംഗ്. വിദ്യാർത്ഥി ഗ്രൂപ്പുകളെ ചുമതലപ്പെടുത്തൽ  വെള്ളം കുടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ.<br><br>കൃഷി,പ്രൊജക്റ്റ്,ഇന്റർനെറ്റ് വഴി വിവരശേഖരണം, അഭിമുഖം വീഡിയോ കാണൽ.<br><br>ഹരിത ജീവിതം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ സ്കൂളിലും വീട്ടിലും പ്രാവർത്തികമാക്കൽ. ഊർജ്ജ സംരക്ഷണം, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ, പുനരുപയോഗം പേപ്പർ കപ്പ്, പ്ലാസ്റ്റിക് കപ്പ് എന്നിവയ്ക്ക് പകരം കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളെ പ്രോത്സാഹിപ്പിക്കൽ. | December<br><br>January<br><br>February<br><br>March | | |

**മേഖല: അക്കാദമികം** **ഉപ മേഖല : ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ<br><br>ശാസ്ത്രമേളകൾക്ക് കുട്ടികളെ ഒരുക്കൽ, ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ, വിപുലീകരണം ശാസ്ത്ര പ്രക്രിയശേഷികൾ വർദ്ധിപ്പിക്കുക, പ്രയോഗ പദ്ധതികൾ ആവിഷ്കരിക്കുക ഊർജ്ജ സംരക്ഷണ | ശാസ്ത്രീയ അവബോധം വളർത്തുവാൻ സ്കൂളുകളിൽ ലഭ്യമായിരിക്കുന്നതും കുട്ടികൾക്ക് ശേഖരിക്കാൻ കഴിയുന്നതുമായ ചിലവ് കുറഞ്ഞ വസ്തുക്കളുടെ ശേഖരണം, തരംതിരിക്കൽ, നിലവിലുള്ള  പരീക്ഷണ ഉപകരണങ്ങൾ സജ്ജമാക്കൾ, ഇവയുടെ വിപുലീകരണം എന്നിവ കുട്ടികൾ അധ്യാപകർ മാതാപിതാക്കൾ എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കണം. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് സയൻസ് ക്ലബ് പിടിഎ സയൻസ് ക്ലബ് ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് സയൻസ് ക്ലബ്ബ് ശാസ്ത്ര അധ്യാപകർ | പിടിഎ<br>എസ്എസ്എ<br>ഫണ്ട്<br>എസ്എസ്എ<br>ഫണ്ട് |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ ശാസ്ത്രത്തിൻറെ രീതി സായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക .<br><br>ശാസ്ത്രരംഗത്തെ പഴയതും പുതിയതുമായ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക<br><br>ആധുനികശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുക ശാസ്ത്രീയ അവബോധം ജീവിതവിജയത്തിന് പ്രയോജനപ്പെടുത്തുക ശാസ്ത്ര പഠനം സമൂഹ പുരോഗതിക്ക് പ്രയോജനപ്പെടുത്തൽ വിലയിരുത്തൽ | ജൂൺ അഞ്ചിന് പരിസ്ഥിതി ദിനാചരണത്തോടുകൂടി തുടങ്ങുന്ന ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ വർഷം മുഴുവൻ നടപ്പിലാക്കാവുന്ന വിധത്തിൽ ആസൂത്രണം ചെയ്യുന്നു<br><br>ചിലവ് കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് സ്കൂൾതലത്തിൽ ശാസ്ത്രമേളകൾ സംഘടിപ്പിക്കുക വർക്കിംഗ് മോഡൽസ് സ്റ്റിൽ മോഡൽസ് സിമ്പിൾ എക്സ്പിരിമെന്റ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രദിനമായി ആചരിക്കുക ഇതിന് പൂർവ്വ വിദ്യാർത്ഥികൾ മുൻ അധ്യാപകർ എന്നിവരുടെ സഹായം പ്രയോജനപ്പെടുത്തണം<br><br>സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ രാസവസ്തുക്കളുടെ ക്രമീകരിക്കൽ ഇവ നടപ്പാക്കുക ശാസ്ത്ര മാസികകൾ എന്നിവ വായിക്കുവാൻ അവസരം നൽകുക<br><br>പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട മുതിർന്ന കുട്ടികൾക്ക് വർഷോപ്പുകൾ സംഘടിപ്പിക്കുക ഇതിനായി സമീപപ്രദേശങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായം തേടണം<br><br>ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിയ ആദരിക്കൽ | ജനവരി ഫെബ്രുവരി മാർച്ച് | സയൻസ് ക്ലബ്ബ് ശാസ്ത്ര അധ്യാപകർ പിടിഎ പൂർവ്വ വിദ്യാർത്ഥി കൾ സയൻസ് ക്ലബ് സയൻസ് ക്ലബ് സയൻസ് അധ്യാപകർ പിടിഎ | |

| | | | | |
|---|---|---|---|---|
| | കൃഷി പതിപ്പുകൾ ഉണ്ടാക്കൽ<br>ശാസ്ത്ര മാഗസിൻ നിർമ്മാണം<br>പ്രകൃതി പഠന യാത്രകൾ<br>എന്നിവ നടത്തുക.<br><br>പ്ലാസ്റ്റിക് ഉപയോഗം<br>നിരുത്സാഹപ്പെടുത്തൽ<br>ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ<br>വിവിധ പ്രവർത്തനങ്ങൾ വ്യക്തി<br>ശുചിത്വം പരിസര ശുചിത്വം<br>ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ<br>എന്നിവ നടത്തുക<br><br>ഐസിടി സഹായത്തോടെ<br>ശാസ്ത്ര സിനിമകൾ<br>പ്രദർശിപ്പിക്കുക ശാസ്ത്ര<br>ആഭിമുഖ്യം വളർത്തുന്നതിന്<br>റാലികൾ കുടിവെള്ള<br>പരിശോധന ഭക്ഷ്യ<br>വസ്തുക്കളിലെ മായം<br>കണ്ടെത്തൽ എന്നിവ കുട്ടികളെ<br>പരിചയപ്പെടുത്തുക<br><br>കമ്പോസ്റ്റ് നിർമ്മാണം<br>കാർഷിക ഉപകരണങ്ങളുടെയും<br>ഉൽപ്പന്നങ്ങളുടെയും പ്രദർശനം<br>എന്നിവ നടത്തുക.<br><br>പ്രോജക്റ്റ് സെമിനാറുകൾ ശാസ്ത്ര<br>ക്വിസുകൾ<br>ശാസ്ത്രജ്ഞരെ ആദ രിക്കൽ<br>സംവാദങ്ങൾ എന്നിവ<br>സംഘടിപ്പിക്കണം<br><br>ശാസ്ത്ര മാസിക പ്രകാശനം<br>ഉൽപന്നങ്ങളുടെ പ്രദർശനം<br><br>ടീച്ചർ-കുട്ടി ,കുട്ടി-കുട്ടി<br>എന്നിങ്ങനെ രണ്ടു തലങ്ങളിൽ<br>പരിശീലനം നൽകുക.<br><br>കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര | | | |

| | | | | |
|---|---|---|---|---|
| പഠനപിന്നോക്കാവസ്ഥയിലുള്ള  കുട്ടികൾക്ക് പ്രത്യേക പരിശീലനം<br><br>ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കുക | ആഴ്ചയിൽ 2 ദിവസം<br><br>6 മാസത്തില ൊരിക്കൽ | SRG- Science teacher<br><br>SRG- science teacher | |

**മേഖല: അക്കാദമികം** **ഉപ മേഖല : വായന**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും വായനാശീലം ഉള്ളവരാക്കി മാറ്റുക | വായനക്കൊരു വാർഷിക പദ്ധതി തയ്യാറാക്കൽ<br>നിലവിൽ സ്കൂളിൽ ലഭ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>പുസ്തകങ്ങളുടെ തരാം തിരിക്കൽ<br>ഇംഗ്ലീഷ് ഹിന്ദി പുസ്തകങ്ങളും വായന സാമഗ്രികളും സംഘടിപ്പിക്കൽ<br>ജന്മദിന പുസ്തക പദ്ധതി നടപ്പിലാക്കൽ<br>ഇനിയും സ്കൂളിന് ആവശ്യമായ പുസ്തകങ്ങളുടെ കാറ്റലോഗ് തയ്യാറാക്കൽ<br>ഓരോ ക്ലാസ് അധ്യാപികയും ഒരു വര്ഷം തന്റെ കുട്ടി വായിക്കേണ്ട പുസ്തകങ്ങൾ തീരുമാനിച്ചു ലിസ്റ്റ് തയ്യാറാക്കൽ<br>ഓരോ ക്ലാസ്സിനും അനുയോജ്യമായ ബാല പ്രസദ്ധീകരണങ്ങൾ ,ആനുകാലികങ്ങൾ എനിവ ലഭ്യമാക്കൽ<br>ഓരോ ക്ലാസിലും ദിനപ്പത്രം ലഭ്യമാക്കുന്നതിന് സ്പോൺസറെ കണ്ടത്തണം.<br><br>വായനമുറിയിലോ ക്ലാസ്സുറിയിലോ പത്രങ്ങൾ കുട്ടികളെ കൊണ്ട് വായിപ്പിക്കണം.<br>പത്രവാർത്തകളെ അടിസ്ഥാനമാക്കി ക്വിസ്സ് | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ഐ ടി<br>ക്ലാസ്,<br>ഭാഷാ<br>അധ്യാപകർ | സ്പോൺസർഷിപ് |

| | | | | |
|---|---|---|---|---|
| വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനു അവസരം ഒരുക്കുക<br>വായനയുടെ വെത്യസ്ത തലങ്ങൾ പരിചയപ്പെടുത്തുക<br><br>രചനാപരമായ കഴിവ് വളർത്തുക | മത്സരം സംഘടിപ്പിക്കണം .<br><br>കുട്ടികളുടെ വായനാ കുറിപ്പുകൾ ബ്ലോഗിൽ പ്രസിദ്ധികരിക്കണം<br>കുട്ടികൾക്ക് തുടച്ചയായി പുസ്തക വിതരണം അധ്യാപകർ ഒറപ്പക്കണം | | | |

**മേഖല: അക്കാദമികം** **ഉപ മേഖല : പഠനയാത്ര**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് നേരെ അനുഭവങ്ങൾ ഒരുങ്ങുന്ന പഠന യാത്രകൾ പഠന തന്ത്രമായി നൽകുക<br><br>എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പഠനയാത്രകൾ ക്രമീകരിക്കുക<br><br>യാത്രയുടെ | ഫീൽഡ് ട്രിപ്പ് പഠനയാത്ര എന്നിവയ്ക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ ലിസ്റ്റ് ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാധ്യതകൾ അന്വേഷിക്കുന്നു.<br><br>ക്ലാസ് റൂം സമ്പാദ്യ പെട്ടി നടപ്പിലാക്കി<br><br>സ്കൂളിന്റെ സമീപമുള്ള കൃഷിഭവൻ ആശുപത്രി പോസ്റ്റോഫീസ് ബാങ്ക് കൃഷി സ്ഥലം കുളം പുഴ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടം കർഷകൻ ഇവയിൽ ഏതെങ്കിലും സന്ദർശിക്കുക.<br><br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് പഠനയാത്രയുടെ ലക്ഷ്യം ആവശ്യകത എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം<br><br>പോകുന്ന സ്ഥലത്തെക്കുറിച്ച് മുൻകൂട്ടി അധ്യാപകരുടെ സഹായത്തോടെ വിവരം ശേഖരിക്കുക.<br>പഠനയാത്ര സംഘടിപ്പിക്കൽ.വിവിധ | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ | ക്ലാസ് അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഫലമായി കുട്ടികളുടെ പഠനോൽപ്പന്ന ങ്ങൾ ഉണ്ടാവണം. | പഠന വിഷയവുമായി പഠനയാത്രയെ ബന്ധിപ്പിക്കണം. തുടർപ്രവർത്തനം നടത്തണം. കുട്ടികൾ തങ്ങളുടെ അനുഭവം മറ്റു ക്ലാസുകളിലെ കുട്ടികളോട് പങ്കുവെക്കുന്നു | നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി | | |

**മേഖല : അക്കാദമികം** **ഉപ മേഖല : പരീക്ഷ/ നിരന്തര വിലയിരുത്തൽ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| കുട്ടികളുടെ പഠനനേട്ടൻ കൃത്യമായി നിർണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന് | ഓരോ ക്ലാസിലും ഓരോ യൂണിറ്റും കുട്ടി നേടേണ്ട ആശയങ്ങൾ ശേഷികൾ എന്നിവ മുൻകൂട്ടി അധ്യാപിക തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കുന്നു( ക്ലാസ് പിടിഎയിൽ )<br>അത് നേടാനുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ രക്ഷിതാവ് എങ്ങനെ കുട്ടിയെ സഹായിക്കണം എന്ന് പറയുന്നു<br><br>ടീച്ചിങ് മാനുവലിൽ നിരന്തര വിലയിരുത്തൽ സാധ്യതകൾ രേഖപ്പെടുത്തുന്നു<br><br>പ്രതികരണം പേജിലെ രേഖപ്പെടുത്തലുകൾ തുടർച്ചയായി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു<br>ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും യൂണിറ്റസ്റ്റ് നടത്തി ക്ലാസ് പഠനനില പഠന പുരോഗതി എന്നിവ രക്ഷിതാവിനെ അറിയിക്കണം | | | |

| | | | | |
|---|---|---|---|---|
| പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നു | പ്രഥമധ്യാപിക സൂചകങ്ങൾ വച്ച് അധ്യാപകരുടെ ക്ലാസുകൾ മോണിറ്റർ ചെയ്തു മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നു<br><br>നിരന്തര വിലയിരുത്തൽ ഫലങ്ങൾ എസ് ആർ ജിയിൽ ചർച്ച ചെയ്യണം മൂല്യനിർണയഫലങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യണം പങ്കുവെക്കണം പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം അതുമൂലം ഉണ്ടായ പഠന പുരോഗതി എസ് ആർ ജിയിൽ അവതരിപ്പിച്ച മറ്റു ക്ലാസുകളിൽ വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കണം.<br><br>പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വർക്ക് ഷീറ്റുകളുടെ സാധനം പ്രയോജനപ്പെടുത്തണം<br><br>നിരന്തര വിലയിരുത്തൽ ഇടപെടൽ മേഖല നിശ്ചയിക്കൾ പരിഹാര പ്രവർത്തനങ്ങൾ ഉണ്ടായ മെച്ചം എന്നിവ ക്ലസ്റ്റർ യോഗങ്ങളിലും പ്രഥമാധ്യാപക പരിശീലനങ്ങളിലും പങ്കുവയ്ക്കണം<br><br>നോട്ട്ബുക്ക് പോർട്ട്ഫോളിയോ എന്നിവ കുട്ടിയുടെ വളർച്ചയെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ചിട്ടപ്പെടുത്തുകയും സമഗ്രമാക്കുകയും ചെയ്യണം മികച്ചവയ്ക്ക് അംഗീകാരം നൽകണം. | | | |

**മേഖല : സാമൂഹികം സർഗാത്മകം സഹ വൈജ്ഞാനികം** **ഉപ മേഖല : അസംബ്ലി**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ അസംബ്ലി എല്ലാ കുട്ടികൾക്കും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കൽ<br><br>കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുനസംഘടിപ്പിക്കുക | **1.** അസംബ്ലിക് പ്രവർത്തനത്തിലെ മാർഗരേഖ വികസിപ്പിക്കൽ നിർബന്ധമായും ഉണ്ടാകേണ്ട ഇനങ്ങൾ വിശേഷങ്ങൾ ഉദാഹരണം പുസ്തകം പരിചയപ്പെടുത്തൽ ക്ലാസിലെ വേറിട്ട പ്രവർത്തനങ്ങളുടെ പങ്കുവെക്കൽ ഉൽപ്പന്നങ്ങളുടെ പ്രകാശനം കുട്ടികളുടെ മികവുകൾക്ക് അംഗീകാരം പരീക്ഷണം പത്ര ക്വിസ് ക്ലാസ് പത്രപ്രകാശനം ചിന്താവിഷയം തുടങ്ങി ഓരോ അസംബ്ലിയിലും വൈവിധ്യമുള്ള ഓരോ ഇനം വീതം നിശ്ചയിക്കൽ നിർദിഷ്ട ക്ലാസുകാരുടെ നേതൃത്വത്തിൽ നടക്കുന്ന സ്പെഷ്യൽ അസംബ്ലി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്താവുന്ന ഇനങ്ങൾ എന്നിവയെല്ലാം മാർഗരേഖയിൽ വ്യക്തമാക്കണം. എസ് എം സി വാർഡ് മെമ്പർ മറ്റു വിശിഷ്ട വ്യക്തികൾ എന്നിവരെ എപ്പോഴെല്ലാം പങ്കെടുപ്പിക്കും എന്നും സൂചിപ്പിക്കണം. അസംബ്ലി പ്രവർത്തനം നിരന്തര വിലയിരുത്തലിന്റെ പരിധിയിൽ വരുന്ന വിധം അതാത് ക്ലാസ് അധ്യാപകർ ശ്രദ്ധിക്കണം. (പ്രസംഗം ക്വിസ് പതിപ്പാക്കൽ പ്രകാശനം ചെയ്യൽ ദേശഭക്തിഗാനം മാസ്സ്ഡ്രിൽ സൂമ്പ)<br><br>**2.** അസംബ്ലി ചാർട്ട് എല്ലാ ഇനങ്ങളിലും എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ തയ്യാറാക്കുക (ഓരോ കുട്ടിക്കും | June - march | കായിക അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| സഭ കമ്പമില്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക | എത്ര അവസരം എന്നെല്ലാം എന്തിനെല്ലാം എന്നും എഴുതി കൃത്യപ്പെടുത്തണം)<br>**3.** അസംബ്ലി ഗ്രൂപ്പ് രൂപീകരണം (ഒരു ക്ലാസിലെ വിവിധ നിലവാരത്തിലുള്ള കുട്ടികളുടെ ഗ്രൂപ്പ് തയ്യാറാക്കുക)<br><br>**4.** അസംബ്ലി അംഗീകാരത്തിനുള്ള വേദിയാകണം ഓരോ ദിവസവും ഏതെങ്കിലും ഒരു കുട്ടി എന്തെങ്കിലും കഴിവിന്റെ പേരിൽ അംഗീകരിക്കപ്പെടണം ക്ലാസ് ടീച്ചർമാർ ചുമതല വഹിക്കണം.<br><br>**5.** അസംബ്ലിയിൽ പത്രവാർത്തകൾ എല്ലാവർക്കും മനസ്സിലാകും വിധം ലളിത വൽക്കരിച്ച അവതരിപ്പിക്കൽ<br><br>**6.** കുട്ടികളെ അസംബ്ലി നടത്തുന്നതിന് തയ്യാറാക്കാൻ അധ്യാപകർക്ക് ചുമതല നൽകണം<br><br>**7.** അസംബ്ലി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് എസ് എം സി പി എ കമ്മറ്റികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായൽ<br><br>**8.**വിശേഷദിവസങ്ങളിൽ അസംബ്ലിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം<br><br>**9.** വിശേഷദിവസങ്ങളിൽ പ്രാദേശിക വിദഗ്ധരുടെ പങ്കാളിത്തം അസംബ്ലിയിൽ ഉറപ്പാക്കൽ<br><br>**10.** ഇംഗ്ലീഷ് ഹിന്ദി അസംബ്ലി | | | |

| | | | | |
|---|---|---|---|---|
| | **11.** പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ അവതരണങ്ങൾ<br><br>**12.** ഓരോ അസംബ്ലിയിലും ഓരോ കുട്ടിയെ വീതം അംഗീകരിക്കുന്നു (ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകളും നന്മകളും ഉയർത്തിക്കാട്ടി പ്രചോദിപ്പിക്കൽ) | | | |

**മേഖല - സാമൂഹികം സർഗാത്മകം സഹവൈജ്ഞാനികം** **ഉപമേഖല-ദിനാചരണങ്ങൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സവിശേഷ ദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തുക<br><br>ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.<br><br>സ്കൂളും പ്രാദേശിക സമൂഹമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് ദിനാചരണങ്ങളെ ചിട്ടപ്പെടുത്തുക.<br><br>കുട്ടികളുടെ | സവിശേഷ ദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അക്കാദമിക വർഷത്തെ വിശേഷ ദിവസങ്ങളുടെ ചാർട്ട് തയ്യാറാക്കൽ (സാഹിത്യം ചരിത്രപരവും, ദേശീയവും, ശാസ്ത്രം, ആഘോഷങ്ങൾ, സാമൂഹികം)<br><br>ദിനാചരണങ്ങൾ ഉൾച്ചേർത്തുകൊണ്ട് സ്കൂളിലെ വാർഷിക കലണ്ടർ, മാസ കലണ്ടർ, ക്ലാസ് കലണ്ടർ എന്നിവ തയ്യാറാക്കൽ.<br><br>ഓരോ ദിനാചരണവുമായി വ്യത്യസ്ത വിഷയങ്ങൾ എങ്ങനെയെല്ലാം ബന്ധിപ്പിക്കാൻ ആകും എന്ന് തീരുമാനിക്കലും പ്രവർത്തന രൂപീകരണവും.<br>സ്കൂളിൽ പൊതുവായി എന്തെല്ലാം പ്രവർത്തനങ്ങൾ എന്ന് നിശ്ചയിക്കൽ.<br>ഓരോ ക്ലാസിലും അതാത് ക്ലാസ് നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.<br>ടീച്ചിംഗ് മാന്വലിൽ ഉൾപ്പെടുത്തി ദിനാചരണ പ്രവർത്തനങ്ങൾ നടപ്പാക്കൽ.<br>ഓരോ | June<br><br>July<br><br>August<br><br>September<br><br>October<br><br>November<br><br>December<br><br>January | Social science teachers | |

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നതിനുള്ള അവസരമായി ദിനാചരണങ്ങൾ പ്രയോജനപ്പെടുത്തുക | ദിനാചരണത്തിനും നേതൃത്വം നൽകുന്നതിന് ചുമതല വിഭജനം നടത്തൽ ( അധ്യാപകർ കുട്ടികൾ രക്ഷകർത്താക്കൾ) ഓരോ പ്രത്യേക ദിനാചരണത്തിനും അനുയോജ്യരായ പ്രാദേശിക വിദഗ്ധരെ കണ്ടെത്തി പ്രയോജനപ്പെടുത്തൽ. ദിനാചരണങ്ങളിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ. ദിനാചരണത്തിന്റെ ഭാഗമായി കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന തരത്തിലുള്ള ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും ആവിഷ്കാര പ്രവർത്തനങ്ങൾക്കും വേദിയൊരുക്കൽ. അക്കാദമിക മികവുണ്ടാക്കുന്നതിന് യോജിച്ച രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കൽ. ആസൂത്രണം ചെയ്തതിനുസരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് പ്രധാന അധ്യാപികയുടെ മോനിറ്ററിംഗ് അതിന് സഹായകമായ തരത്തിൽ ആസൂത്രണ ഡയറി തയ്യാറാക്കുക.<br><br>ഓരോ ദിനാചരണവും എസ് ആർ ജിയിൽ ആസൂത്രണവും അവലോകനവും നടത്തി കൂടുതൽ മെച്ചപ്പെടുത്താനുള്ള | February<br><br>March | | |

| | | | | |
|---|---|---|---|---|
| | പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ. | | | |

**മേഖല - സാമൂഹികം,സർഗ്ഗാത്മകം, സഹവൈജ്ഞാനികം        ഉപമേഖല- ക്ലബ്ബ് പ്രവർത്തനങ്ങൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക | വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഏതെല്ലാം ക്ലബ്ബുകൾ എന്ന് തീരുമാനിക്കൽ.വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം. | June | Club convenor | 3000/- |
| | ഓരോ ക്ലബ്ബിന്റെയും വാർഷിക പദ്ധതി രൂപീകരിക്കൽ ( ഓരോ മാസവും എന്തെല്ലാം പ്രവർത്തനങ്ങൾ ഓരോ ക്ലബ്ബിനും എന്ന് നിശ്ചയിക്കൽ ). | July | | |
| ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക | വിവിധ ക്ലബ്ബുകൾ രൂപീകരിക്കൽ എല്ലാ കുട്ടികളും ഏതെങ്കിലും ക്ലബ്ബിൽ അംഗമാണെന്ന് ഉറപ്പാക്കും വിധം. | | | 3000/- |
| | ക്ലബ്ബുകളുടെ നേതൃത്വം നിശ്ചയിക്കൽ ചുമതല വിഭജനം നടത്തൽ. | August | Club convenor | |
| | പ്രാദേശിക വിദഗ്ധരുടെ സേവനം കൂടി പരിഗണിച്ച് പ്രവർത്തന കലണ്ടർ തയ്യാറാക്കൽ ( ശുചീകരണം, സ്കൂൾ സൗന്ദര്യവൽക്കരണം, സ്കൂൾ പത്രം തയ്യാറാക്കൽ, അച്ചടക്കം, പൂന്തോട്ട നിർമ്മാണം, കുട്ടികളുടെ പ്രകടനങ്ങൾക്ക് വേദിയൊരുക്കൽ, കുട്ടികളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ. | August<br><br>September | | 3000/- |
| | എല്ലാമാസവും ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ സൂചകങ്ങൾ വെച്ച് പ്രവർത്തനങ്ങളുടെ അവലോകനവും അടുത്ത മാസത്തെ ആസൂത്രണവും. | | Club convenor | |
| വൈവിധ്യവും സർഗാത്മകവും | ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരീക്ഷണോത്സവം, പ്രദർശനങ്ങൾ,സെമിനാർ,സംവാദം, ചർച്ച,ബോധവൽക്കരണ ക്ലാസുകൾ, എന്നിവ ആസൂത്രണം ചെയ്ത് | September<br><br>October | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രീയവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം ഒരുക്കുക.<br><br>കുട്ടികളിൽ നേതൃത്വപാടവം, ആശയ വിനിമയശേഷി, ശാസ്ത്രാവബോധം, ജനാധിപത്യ ബോധം എന്നിവ വളർത്തുന്നതിന് | നടപ്പാക്കൽ.<br><br>ക്ലബ്ബ് പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾ, പ്രാദേശിക സമൂഹം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം തേടൽ.<br><br>സ്കൂൾതല ശില്പശാലകൾ സംഘടിപ്പിക്കൽ<br><br>മികച്ച പ്രവർത്തനങ്ങൾ ക്ലാസ് പിടിഎയിൽ പങ്കുവെക്കൽ<br><br>ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ കലോത്സവങ്ങൾ ഉപജില്ല-ജില്ലാതല മത്സരങ്ങളുമായി ബന്ധിപ്പിക്കൽ.<br><br>ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ കുട്ടികൾ നേടിയ ശേഷികൾ വിലയിരുത്തൽ. | November<br><br>December<br><br>January<br><br>February<br><br>March | | |

**മേഖല - അക്കാദമികം** **ഉപമേഖല-സംയോജിത വിദ്യാഭ്യാസം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുന്നു<br><br>ഭിന്നശേഷിയുള്ള കുട്ടികൾക്ക് പിന്തുണ നൽകേണ്ടത് തൻറെ കൂടി കടമയാണെന്ന് ധാരണയോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുക.<br><br>അനുരൂപീകരണ പഠന സാധ്യതകൾ കണ്ടെത്തുക | 1.കുട്ടികളെ അറിയൽ.എൻ്റെ കുട്ടി തയ്യാറാക്കുമ്പോൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി ക്ലാസ് ടീച്ചർ തയ്യാറാക്കുക<br><br>2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം.<br><br>3. പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ.<br><br>4. വ്യക്തിഗത ബോധന പദ്ധതി ആസൂത്രണം ചെയ്യൽ.<br><br>5. ബി ആർ സി യുമായി ചേർന്ന് പ്രവർത്തന പദ്ധതി തയ്യാറാക്കൽ.<br><br>6 ഓരോ അധ്യാപികയും ടീച്ചിംഗ് നോട്ടിൽ ഈ കുട്ടികൾക്ക് നൽകാവുന്ന പിന്തുണ സൂചിപ്പിച്ചു പഠനാനുഭവങ്ങൾ അനുരൂപീകരിക്കൽ.<br><br>7. കുട്ടികൾക്കുള്ള സവിശേഷമായ കഴിവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ.<br><br>8. ഐടി പരിശീലനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരം നൽകൽ.<br><br>9. എല്ലാ പ്രവർത്തനങ്ങളിലും ബോധപൂർവ്വം അവസരം പ്രദാനം ചെയ്യൽ.<br>10. വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ.<br><br>11. അവരുടെ ചെറിയ പുരോഗതി പോലും രക്ഷിതാക്കളുമായി പങ്കിടൽ.<br><br>12 റിസോഴ്സ് അധ്യാപകരുടെ | June - march | ക്ലാസ് അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സേവനം ലഭ്യമാക്കൽ<br><br>**13.** പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകൾക്ക് പൊതു അംഗീകാരം നൽകൽ.<br><br>**14** ക്ലാസ് റൂം പ്രവർത്തനത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കണം.<br><br>**15.** അനുരൂപീകരണ പ്രവർത്തനം ടീച്ചിങ് മാനുവലിൽ ഉൾപ്പെടുത്തി നൽകണം.<br><br>**16** പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണം, യഥാസമയം ശേഖരിച്ച് വിതരണം ഉറപ്പാക്കൽ. | | | |

**മേഖല : സമൂഹ പങ്കാളിത്തം** **ഉപ മേഖല : വിദ്യാലയ സൗഹൃദ സമിതി**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പുരോഗതിയിൽ തൽപരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക | വിദ്യാലയവുമായി സഹകരിക്കാൻ താല്പര്യമുള്ള പൂർവ്വ വിദ്യാർത്ഥികൾ പൂർവാ അധ്യാപകർ പൊതുവിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവർ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കുക<br><br>ഇവരെ ഉൾപ്പെടുത്തി വിദ്യാലയ സൗഹൃദ സംഗമം സംഘടിപ്പിക്കൽ വിദ്യാലയ വികസന പദ്ധതിയിൽ ക്രിയാത്മകമായ പങ്കാളിത്തം തേടുക | സ്കൂൾ ആരംഭത്തിൽ | HM | |

**മേഖല : സമൂഹ പങ്കാളിത്തം** **ഉപ മേഖല : എസ് എം സി**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സജീവമായ ചർച്ചകൾ നടത്തി കൃത്യവും പ്രായോഗികവുമായ തീരുമാനങ്ങൾ എടുക്കൽ<br><br>സ്കൂൾ വികസന പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും മെച്ചപ്പെട്ട രീതിയിൽ നടത്തി മാതൃക സൃഷ്ടികൾ | **1.** എസ് എം സി (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി) എല്ലാവരുടെയും ക്രിയാത്മക പങ്കാളിത്തം സജീവമായ ചർച്ച കൃത്യവും പ്രായോഗികവുമായ തീരുമാനങ്ങൾ എടുക്കാൻ ഓരോ അംഗത്തിന്റെയും ചുമതലകൾ കൃത്യതപ്പെടുത്തൽ വികസന മേഖലകൾ പരിഗണിച്ചുള്ള ഉപസമിതി അംഗമെന്ന നിലയിൽ പ്രവർത്തിക്കൽ<br><br>**2.** എസ് എം സി യോഗങ്ങൾ രണ്ടുമാസത്തിലൊരിക്കൽ വീതം സംഘടിപ്പിക്കൽ (ഏപ്രിൽ ജൂൺ ആഗസ്റ്റ് ഒക്ടോബർ ഡിസംബർ ഫെബ്രുവരി)<br><br>**3.** സ്കൂൾ എസ് ആർ ജി കൂടി ക്ലാസ് പിടിഎ അക്കാദമിക നിലവാരം എന്നിവ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി എസ് എം സി യിൽ അവതരിപ്പിക്കൽ<br><br>**4.** ഡയറ്റിന്റെ പിന്തുണയോടെ എസ് എം സി അംഗങ്ങൾക്കുള്ള ശില്പശാല സംഘടിപ്പിക്കൽ. | June<br><br>രണ്ടു മാസ ത്തി ലൊരി ക്കൽ | SRG convenor | |

**മേഖല : സമൂഹ പങ്കാളിത്തം** **ഉപ മേഖല : ക്ലാസ് പി ടി എ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന വിധം ഓരോ കുട്ടി യുടെയും എല്ലാ വിഷയങ്ങളിലും നിശ്ചിതകാലയളവി ലെ പഠന പുരോഗതി പഠന പ്രശ്നങ്ങൾ ഹാജർ നില കുട്ടികളുടെ മറ്റു കഴിവുകൾ എന്നിവ രക്ഷിതാക്കളെ | **1.**ഓരോ മാസാദ്യത്തിലും ക്ലാസ് പി ടി എ.<br><br>2. പി ടി എ പ്രസിഡന്റ് ക്ലാസ് പിടിഎ പ്രസിഡന്റ് പ്രഥമ അധ്യാപകൻ അധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ് ക്ലാസ് പി ടി എ<br><br>**3.** കൃത്യമായ തീയതികളിൽ മാസംതോറും പരീക്ഷകൾ<br><br>**4.** ക്ലാസ് പിടിഎയിൽ പ്രോഗ്രസ് കാർഡ് വിതരണം | മാസംതോറും | പി ടി എ സെക്രട്ടറി | |

| | | | | |
|---|---|---|---|---|
| ബോധ്യപ്പെടുത്തി പിന്തുണ ആർജ്ജിക്കുക<br><br>വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. | **5.** കുട്ടികളുടെ കലാകായിക സ്വഭാവരൂപീകരണ മേഖലകളിലെ സമഗ്രമായ വികസനത്തിന് ക്ലാസ് പി ടി എ യിൽ ഊന്നൽ<br><br>**6.** ഓരോ രക്ഷിതാവിനും തന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയാൻ ക്ലാസ് പി ടി എ യിൽ അവസരം<br><br>**7.** വിദ്യാലയത്തിലെ ഓരോ പൊതുപരിപാടിയിലും രക്ഷിതാക്കളുടെ സാന്നിധ്യം ഉറപ്പുവരുത്താൻ മാസം തോറും ഉള്ള ക്ലാസ് പി ടി എ എ സഹായിക്കുന്നു<br><br>8 രക്ഷിതാക്കളുടെ നിരന്തരമായ വിദ്യാലയ സന്ദർശനങ്ങൾ<br><br>9. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ കാര്യക്ഷമമായ ഇടപെടൽ<br><br>10. രക്ഷിതാക്കൾക്ക് സി ഇ മാർക്ക് ഗ്രേഡ് എന്നിവയെ കുറിച്ച്ബോധവൽക്കരണം | | | |

**മേഖല : സാമൂഹികം** **ഉപ മേഖല : കോർണർ പി ടി എ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ മികവുകൾ സമൂഹത്തെ അറിയിക്കുന്നതിന്<br><br>ഭാവിയിൽ വിദ്യാലയത്തിൽ എത്തേണ്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് പൊതുവിദ്യാഭ്യാസത്തിന് പ്രാധാന്യം മനസ്സിലാക്കുന്നതിന്. | വിദ്യാലയ പരിധിയിലുള്ള പ്രദേശങ്ങളിൽ കോർണർ പി ടി എ സംഘടിപ്പിക്കൽ<br><br>കോർണർ പി ടി എ യിൽ അവതരിപ്പിക്കേണ്ട ഇനങ്ങൾ എസ് എം സി യോഗത്തിൽ നിശ്ചയിക്കുന്നു<br><br>പ്രാദേശിക സംഘാടക സമിതി രൂപീകരിക്കൽ<br><br>കോർണർ പി ടി ഇ യിൽ വിതരണം ചെയ്യേണ്ട മെറ്റീരിയലുകൾ തയ്യാറാക്കുന്നു പങ്കുവെക്കേണ്ട ക്ലാസ് മികവുകളുടെ വീഡിയോ നിർമ്മിക്കുന്നു | | പിടിഎ പ്രസിഡന്റ്<br><br>പിടിഎ സെക്രട്ടറി | |

**മേഖല : സാമൂഹികം ഉപ മേഖല : പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിലെവൈദഗ്ധ്യം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ പരമാവധി കഴിവുകൾ വികസിപ്പിക്കുക | പ്രദേശത്ത് വിവിധ മേഖലകളിൽ കഴിവുള്ളവരും വിദ്യാലയത്തിന് പ്രയോജനപ്പെടുത്താവുന്നതുമായ ആളുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br><br>അവരുമായി ആശയവിനിമയം നടത്തി സഹകരണം തേടൽ പ്രവർത്തന പദ്ധതി തയ്യാറാക്കൽ<br>അധ്യാപക അനധ്യാപക പൂർവ്വ ജീവനക്കാരുടെ കൂട്ടായ്മയും പിന്തുണയും സംഘടിപ്പിക്കൽ | | HM | |

**മേഖല : സാമൂഹികം ഉപ മേഖല :സ്കൂൾ വാർഷികം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പുരോഗതിയിൽ താല്പര്യരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക | സ്കൂൾ വാർഷികം സമൂഹത്തിന് മൊത്തം ശ്രദ്ധ പിടിച്ചു പറ്റുന്ന വിധം അനുബന്ധപരിപാടികളോടു കൂടി ആചരിക്കൽ. സാംസ്കാരിക സമ്മേളനം പ്രതിഭകളെ ആദരിക്കൽ കലാസന്ധ്യ എന്നിവ സംഘടിപ്പിക്കൽ. വാർഷികത്തിൽ എസ് എം സി തയ്യാറാക്കിയ വികസന പദ്ധതിയുടെ നിർവഹണം വിലയിരുത്തലും വരും വർഷത്തേക്കുള്ള പ്രവർത്തന പദ്ധതിയുടെ അവതരണവും ചർച്ചയും നടത്തൽ.<br>വിദ്യാലയത്തെക്കുറിച്ച് സമൂഹം ഗൗരവമായി ചിന്തിക്കുന്നതിനുള്ള അവസരം ഉരുക്കുംവിധം വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും വാർഷികവുമായി ബന്ധിപ്പിക്കൽ. | January | HM, Staff secretary | PTA fund |

**മേഖല : സാമൂഹികം ഉപമേഖല : വികസന പദ്ധതി തയ്യാറാക്കൽ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വരുംവർഷത്തേക്ക് വിവിധ വികസന മേഖലകളിലേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കൽ വിഭവസമാഹരണം നടത്തത്തൽ.<br>ഓരോ ഉപമേഖലയ്ക്കും ചുമതല കാരെ നിശ്ചയിക്കൽ. പഞ്ചായത്ത് മറ്റ് ജനപ്രതിനിധികൾ എന്നിവരിൽ നിന്നും സഹായം വേണ്ട മേഖലകൾ നിശ്ചയിച്ച് നിവേദനം നൽകൽ | | HM Staff Secretary | |

**മേഖല: അക്കാദമികം ഉപമേഖല : ക്യാമ്പസിനെ പാഠപുസ്തകമാക്കുക.**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തെ പരിസരബന്ധിയും ജീവിത ഗന്ധിയും ആക്കുവാൻ പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകം ആക്കി വികസിപ്പിക്കുകയും ചെയ്യുക<br><br>ജൈവ വൈവിധ്യ ഉദ്യാനം തയ്യാറാക്കൽ<br><br>പാരിസ്ഥിതികാവബ ോധം സമൂഹത്തിൽ വളർത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക<br><br>ഉയർന്ന പാരിസ്ഥിതികാവ ബോധത്തിന്റെ അടിസ്ഥാനത്തിൽ നിലപാടുകൾ സ്വീകരിക്കുകയും | വിദ്യാലയ മുറ്റത്തെ വൃക്ഷങ്ങൾ തിരിച്ചറിയിക്കൽ. വൃക്ഷങ്ങളുടെ നാടൻ പേരും ശാസ്ത്രീയ നാമവും ചേർത്ത് ലിസ്റ്റ് തയ്യാറാക്കുന്നു വിദ്യാലയ പരിസരത്തെ എല്ലാ വൃക്ഷങ്ങൾക്കും നാമകരണം നടത്തി വൃക്ഷങ്ങളുടെ രജിസ്റ്റർ തയ്യാറാക്കുന്നു<br>ജൈവ വൈവിധ്യം നിലനിർത്തി പ്രകൃതി സംരക്ഷണം നടപ്പിലാക്കുന്നു<br>ജൈവവൈവിധ്യ ഉദ്യാനവും ജൈവവൈവിധ്യ രജിസ്റ്ററും തയ്യാറാക്കുന്നു.<br>ഹരിത വിദ്യാലയം പദ്ധതി നടപ്പിലാക്കൽ<br><br>ഔഷധോദ്യാനം നിർമ്മിക്കൽ. ഇതിനായി ഔഷധസസ്യങ്ങളെ തിരിച്ചറിയുകയും സംരക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു<br><br>ജൈവകൃഷി പദ്ധതി നടപ്പിലാക്കൽ<br><br>പൂന്തോട്ട നിർമ്മാണം<br><br>ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച് | June - march | HM PTA CLUBS | |

| | | | | |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്ന വിദ്യാർത്ഥികളെ സൃഷ്ടിക്കുക | അത് ഉപയോഗിച്ച് ഉച്ച ഭക്ഷണം തയ്യാറാക്കൽ<br><br>പരിസ്ഥിതി ക്ലബ് ആരോഗ്യ ക്ലബ്ബ് ലഹരി വിരുദ്ധ ക്ലബ്ബ് എന്നിവയുടെ പ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിക്കൽ<br><br>അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ കൃഷി വ്യാപനം<br><br>ഗ്രോ ബാഗുകളിൽ കൃഷി വ്യാപനം<br><br>ഭീമമായ വൈദ്യുത ചാർജ് പരിഹരിക്കുന്നതിനായി സോളാർ പാനലുകൾ സ്ഥാപിക്കൽ<br><br>രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി മഴവെള്ള സംഭരണി സ്ഥാപിക്കൽ | | | |

**മേഖല - അക്കാദമികം** **ഉപമേഖല - കലാ വിദ്യാഭ്യാസം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലുമുള്ള കലാവാസനയെ പരിപോഷിക്കുക. | കുട്ടികളുടെ കലാവാസന കണ്ടെത്തൽ നാടൻപാട്ട് പരിശീലനം<br><br>നാടൻ പാട്ട് സംഘഗാന പരിശീലനം<br><br>നാടൻ കലാരൂപങ്ങളുടെ പരിശീലനം, ചിത്രരചനാ പരിശീലനം, ചിത്രകല ക്യാമ്പ്,സ്കൂൾ യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിക്കൽ.<br><br>നൃത്ത പരിശീലനം പാഠഭാഗവുമായി ബന്ധിപ്പിച്ച് നാടകം, ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ സാധ്യത ലിസ്റ്റ് ചെയ്യൽ, തീയറ്റർ പരിശീലനം (അഭിനയ ശില്പശാല).<br><br>അസംബ്ലി,ദിനാചരണങ്ങൾ, ബാലസഭ എന്നിവ കലാപരമായ ശേഷി വികാസനത്തിനുള്ള അവസരമാക്കി മാറ്റൽ. | June-March | Music teacher | |

| | | | | |
|---|---|---|---|---|
| കലാമേളയിലെ ഇനങ്ങളിലെ ല്ലാം എല്ലാകുട്ടികൾക്കും പ്രാഥമിക പരിശീലനാനുഭവം ഒരുക്കുക പങ്കാളിത്തം ഉറപ്പാക്കുക.<br><br>പ്രാദേശിക വൈദശ്ധ്യം വിദ്യാലയത്തിനായ ി പ്രയോജനപ്പെത്തു. | നാടകക്കൂട്ടം- നാടകത്തെ ബോധന തന്ത്രമായി പ്രയോജനപ്പെടുത്തൽ ഫിലിം നിർമ്മാണം.<br><br>ക്ലാസ് കയ്യെഴുത്തുമാസികയിൽ ചിത്രീകരണം നടത്തി ചിത്രരചനാ പരിശീലനം, വായിച്ച പുസ്തകങ്ങളിലെ കഥ ചിത്രകഥയായി പരിശീലിപ്പിക്കൽ.<br><br>ഇന്ത്യ, കേരളം, ജില്ല എന്നിവ ജനതയുടെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന വാർത്തകളുടെ കൊളാഷ്, ഭൂപടം നിർമ്മിക്കൽ.<br><br>തീം ആൽബം നിർമ്മിക്കൽ.<br><br>അസംബ്ലിയിൽ കലാപരിപാടി അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം ഒരിക്കൽ. | | | |

**മേഖല - അക്കാദമികം** **ഉപമേഖല - കായിക വിദ്യാഭ്യാസം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക ക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക | കുട്ടികളുടെ കായിക ശേഷി കണ്ടെത്തൽ<br><br>ഓട്ടം, ചാട്ടം,റിലേ,ഡിസ്കസ് ത്രോ, ജാവലിൻ ത്രോ എന്നിവയിൽ പരിശീലനം.<br><br>കായികമേളയുടെ മാന്വൽ പരിശോധിച്ചു പരിശീലന ഇന ങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br><br>ആവശ്യമായ കായിക ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br><br>കായിക പരിശീലനത്തിന് പ്രവർത്തന പദ്ധതി തയ്യാറാക്കൽ രണ്ടു രീതി സ്വീകരണം. എല്ലാ കുട്ടികൾക്കുമു ള്ള കായിക പരിശീലനം, കഴിവുള്ളവർക്ക് പ്രത്യേക പരിശീലനം.<br><br>ഓണക്കാലത്ത് നാടൻ കളികൾ | June<br><br>July<br><br>August | Sports teacher | |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കൽ.<br><br>ഈ രംഗത്ത് കഴിവും സന്നദ്ധതയും ഉള്ള പൂർവവിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും ലിസ്റ്റ് തയ്യാറാക്കണം.<br><br>സ്കൂൾ കോമ്പൗണ്ട് വിവിധ ക്ലാസുകളിലെ കുട്ടികളുടെ കായിക പരിശീലനത്തിന് അനുഗുണമാക്കിയെടുക്കൽ<br><br>സ്കൂൾ തല തിരഞ്ഞെടുപ്പ്<br>സ്കൂൾ തല വിജയികൾക്ക് സബ് ജില്ലാതല പരിശീലനം<br>സ്റ്റേറ്റ് തല പരിശീലനം<br><br>വ്യത്യസ്ത ഗെയിമിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കൽ<br><br>പ്രത്യേക പരിശീലനം | September<br><br>October<br><br>November<br><br>December<br><br>January | | |

**മേഖല - അക്കാദമികം** **ഉപമേഖല – പ്രവർത്തിപരിചയം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയം നൈപുണ്യ കളിൽ എല്ലാവർക്കും പ്രാവിനെ നേടാൻ അവസരം ഒരുക്കൽ<br><br>ആകർഷകവും ആധുനിക സൗകര്യങ്ങളോടും കൂടിയതുമായ പഠനാന്തരീക്ഷം ഉറപ്പാക്കുക | കുട്ടികളുടെ കഴിവുകൾ കണ്ടെത്തി തരംതിരിക്കൽ പാഴ്വസ്തുക്കളിൽ നിന്നുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് പരിശീലനം ക്ലേ മോഡലിംഗ് പരിശീലനം പ്രവർത്തി പരിചയം മേളയുടെ മാനുവൽ പരിശോധിച്ചു പരിശീലന ഇനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ കരകൗശല നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ | June-February | W.E teacher | |

| | | | | |
|---|---|---|---|---|
| | സ്കൂൾതലത്തിൽ പ്രവർത്തിപരിചയമേള ക്രിസ്മസ് കാർഡ് സ്റ്റാർ തയ്യാറാക്കൽ നോട്ട്ബുക്കിന്റെ ലേഔട്ട് ഭംഗിയുള്ള താക്കൽ ബുക്ക് ബൈൻഡിങ് പരിശീലനംപോസ്റ്റർ പരിശീലനം ഒറിഗാമി പരിശീലനം | | | |

# ഉപസംഹാരം

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്ക് വേണ്ടി തയാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പദ്ധതി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് .പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടക്കേണ്ട പ്രവർത്തനങ്ങൾ ആണ് ഇതിൽ രേഘപെടുത്തിയിരിക്കുന്നത് നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാകുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്നു സവിനയം പ്രതീക്ഷിക്കുന്നു ....